റോട്ടറി നടത്തുന്നവർ അടയ്ക്കേണ്ട നികുതി

10 [1840] *ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:*
,, *വി. ഡി. സതീശൻ:*
,, *എം. എം. മണി:*
,, *ജി. പ്രതാപവർമ്മ തമ്പാൻ:*
,, *സി. പി. മുഹമ്മദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോട്ടറി നിയമം അനുസരിച്ച് റോട്ടറി നടത്തുകയും, ടിക്കറ്റ് വിൽക്കുകയും ചെയ്യുന്നവർ എത്ര കാലത്തേക്കുള്ള നികുതി ആണ് ഒന്നിച്ച് അടയ്ക്കേണ്ടത്;

(ബി) റോട്ടറി പുനരാരംഭിച്ചശേഷം, റോട്ടറി നടത്തുന്ന ഏതെല്ലാം സംസ്ഥാനങ്ങളുടെ പേരിൽ നികുതി അടച്ചിട്ടുണ്ട്;

(സി) ഓരോ പ്രാവശ്യവും നികുതി അടയ്ക്കേണ്ടത് എത്ര കാലത്തേക്കായിരിക്കണമെന്ന് വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ അന്യസംസ്ഥാന റോട്ടറികളുടെ പേരിൽ അടയ്ക്കപ്പെട്ട നികുതി ഈ വ്യവസ്ഥ അനുസരിച്ച് ആയിരുന്നുവോ;

(ഡി) ഇല്ലെങ്കിൽ നികുതി അടയ്ക്കുന്നതിനുള്ള വ്യവസ്ഥ ലംഘിച്ചവരെ സംസ്ഥാനത്ത് ടിക്കറ്റ് വിൽക്കുവാൻ അനുവദിച്ചത് എപ്രകാരമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) 2005-ലെ കേന്ദ്ര നികുതി ആക്ട് 10-ാം വകുപ്പ് പ്രകാരം റോട്ടറി നടത്തുകയും, ടിക്കറ്റ് വിൽക്കുകയും ചെയ്യുന്നവർ, അടുത്തമാസം നടത്തേണ്ട നറുക്കെടുപ്പുകളിലുള്ള നികുതി മുൻകൂറായി അടയ്ക്കേണ്ടതുണ്ട്.

(ബി) സിക്കിം സംസ്ഥാനത്തിന്റെയും, ഭൂട്ടാൻ സർക്കാരിന്റെയും റോട്ടറികളുടെ പ്രൊമോട്ടർമാർ നികുതി അടയ്ക്കുന്നുണ്ട്.

(സി) ഉണ്ട്. ഈ വ്യവസ്ഥയനുസരിച്ചാണ് നിയമാനുസൃതമായി നടത്തുന്ന അന്യസംസ്ഥാന റോട്ടറികൾ റോട്ടറി വിൽപ്പന നടത്തുന്നത്.

(ഡി) സംസ്ഥാനത്തിനകത്ത് വ്യവസ്ഥ ലംഘിച്ച് റോട്ടറി ടിക്കറ്റുകളുടെ വിൽപ്പന അനുവദിക്കുന്നില്ല.

GPM. 2/566/2012—8

LIBRARY ARCHIVES Kerala Legislative Assembly